<u>കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ക്രമം.</u>

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സർക്കാർ കോളേജ് അദ്ധ്യാപകർ - മഹാരാജാസ് ആട്ടോണൊമസ് കോളേജ് - സ്ഥലം മാറ്റം - വിടുതൽ ചെയ്യുന്നതും ജോലിയിൽ പ്രവേശിക്കുന്നതും - സംബന്ധിച്ച് - പ്രത്യേക ക്രമീകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉത്തരവ് നം: എ4/3632/2015/കോ.വി.വ തീയതി : 02.06.2015**

---

പരാമർശം:- 1. ഈ ഓഫീസിലെ 09.12.2014-ലെ ബി2/4592/14/കോ.വി.വ നമ്പർ സർക്കുലർ.
2. സർക്കാർ ഉത്തരവ് എം.എസ് നം.157/2015/ഉ.വി.വ തീയതി.05.05.2015.

**<u>ഉത്തരവ്</u>**

പരാമർശം (1)ലെ സർക്കുലറിന്റെയും പരാമർശത്തിലെ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ മഹാരാജാസ് കോളേജ് ഉൾപ്പെടെയുള്ള സർക്കാർ കോളേജുകളിലെ അദ്ധ്യാപകരുടെ സ്ഥലം മാറ്റം വിവിധ ഉത്തരവുകളിലായി പുറപ്പെടുവിച്ചിരുന്നു. മഹാരാജാസ് കോളേജിന്റെ സ്വയം ഭരണപദവിക്കെതിരെ കോളേജിൽ വിദ്യാർത്ഥി പ്രക്ഷോഭം നടക്കുകയാണെന്നും കോളേജ് പ്രിൻസിപ്പാളിന്റെ മുറി, കോളേജ് ഓഫീസ് തുടങ്ങിയവ വിദ്യാർത്ഥികൾ പ്രതിരോധിക്കുകയാണെന്നും അതിനാൽ അദ്ധ്യാപകർക്ക് വിടുതൽ ഉത്തരവ് നൽകി അയയ്ക്കുന്നതിനോ സ്ഥലം മാറി വരുന്ന അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനോ സാഹചര്യം ദുഷ്കരമാണെന്ന് പ്രിൻസിപ്പാൾ ഇൻ ചാർജ്ജ് ടെലിഫോൺ മുഖേന അറിയിച്ചു. കോളേജിൽ നിന്നും വിടുതൽ ലഭിക്കുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനുമായി വിവിധ അദ്ധ്യാപകർ നൽകിയ ട്രാൻഫർ ചാർജ്ജ് റിപ്പോർട്ട് (ആർ.റ്റി.സി) പ്രക്ഷോഭം നടത്തുന്ന വിദ്യാർത്ഥികൾ വാങ്ങി നശിപ്പിച്ചു എന്നും പ്രിൻസിപ്പാൾ അറിയിച്ചു. 01.06.2015-ൽ ജോലിയിൽ പ്രവേശിക്കാനും വിടുതൽ ചെയ്യാനുമായി വന്ന അദ്ധ്യാപകരിൽ ഒരാളെ മാത്രമേ ജോലിയിൽ പ്രവേശിപ്പിക്കാൻ കഴിഞ്ഞുള്ളൂ എന്നും അതിനുശേഷം തന്നെ വൈകുന്നേരം വരെ

വിദ്യാർത്ഥികൾ ഉപരോധിച്ചതായി പ്രിൻസിപ്പാൾ അറിയിച്ചു. ഈ സാഹചര്യത്തിൽ അദ്ധ്യാപകർക്ക് ജോലിയിൽ പ്രവേശിക്കുന്നതിനും വിടുതൽ ചെയ്യുന്നതിനും പ്രത്യേകം സംവിധാനം ഒരുക്കി ഉത്തരവ് പുറപ്പെടുവിക്കാൻ പ്രിൻസിപ്പാൾ ഇൻ ചാർജ്ജ് അഭ്യർത്ഥിച്ചു.

പ്രിൻസിപ്പാളിന്റെ അഭ്യർത്ഥന അനുസരിച്ച് മഹാരാജാസ് കോളേജിൽ മേൽ റിപ്പോർട്ട് ചെയ്ത നിലവിലെ സ്ഥിതി ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെയും വകുപ്പ് സെക്രട്ടറിയേയും ധരിപ്പിക്കുകയുണ്ടായി. കൂടിയാലോചനക്കുശേഷം അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനും വിടുതൽ ചെയ്യുന്നതിനും താഴെ പറയുന്ന ക്രമീകരണങ്ങൾ വരുത്തി ഉത്തരവ് നൽകാൻ അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു. വിടുതൽ ചെയ്യുന്ന അദ്ധ്യാപകരും ജോലിയിൽ പ്രവേശിക്കാൻ ഉദ്ദേശിക്കുന്ന അദ്ധ്യാപകരും ട്രാൻസ്ഫർ ചാർജ്ജ് റിപ്പോർട്ട് (ആർ.റ്റി.സി) പൂരിപ്പിച്ച് മഹാരാജാസ് കോളേജ് പ്രിൻസിപ്പാൾ ഇൻ ചാർജ്ജ്, എറണാകുളം, ഡെപ്യൂട്ടി ഡയറക്ടർ ഇൻ ചാർജ്ജ്, കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരിൽ ആർക്കെങ്കിലും സമർപ്പിച്ച് മേലൊപ്പ് വാങ്ങി ജോലിയിൽ നിന്ന് വിടുതൽ ചെയ്യുകയോ ജോലിയിൽ പ്രവേശിക്കുകയോ ചെയ്യേണ്ടതാണ്.

മഹാരാജാസ് കോളേജിലേയ്ക്ക് സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ സ്ഥലം മാറി പോകുന്ന അദ്ധ്യാപകർ വിടുതൽ ചെയ്യുന്നതിനോ ജോലിയിൽ പ്രവേശിക്കുന്നതിനോ മേൽ സൂചിപ്പിച്ച ഓഫീസർമാർ മുമ്പാകെ ഹാജരായി വിടുതൽ ചെയ്യുകയോ ജോലിയിൽ പ്രവേശിക്കുകയോ ചെയ്യേണ്ടതാണ്. ആർ.റ്റി.സി ഫോറം മേലൊപ്പ് വച്ച് അംഗീകരിക്കുന്നതിന് കോളേജ് പ്രിൻസിപ്പാൾ ഇൻ ചാർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ ഇൻ ചാർജ്ജ്, കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരെ അധികാരപ്പെടുത്തി ഉത്തരവാകുന്നു. വിടുതൽ വാങ്ങി പോകുന്ന അദ്ധ്യാപകർ താങ്കളുടെ ചുമതലയിലുള്ള രേഖകളും നിയന്ത്രണത്തിലുള്ള സാധനസാമഗ്രികളും വസ്തുവകകളും അധികം

വൈകാതെ പ്രിൻസിപ്പാളിനെ ഏൽപ്പിച്ച് ബാധ്യതാമുക്തി വാങ്ങേണ്ടതാണ്. മഹാരാജാസ് കോളേജ് പ്രിൻസിപ്പാൾ, മറ്റു ബന്ധപ്പെട്ട ഓഫീസർമാർ ഈ ഉത്തരവ് വെബ്സൈറ്റിൽ നിന്നും ഡൌൺ ലോഡ് ചെയ്ത് അദ്ധ്യാപകരെ വിടുതൽ ചെയ്യുന്നതുനും ജോലിയിൽ പ്രവേശിക്കുന്നതിനും വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

ഒപ്പ്/-
എം.നന്ദകുമാർ, ഐ.എ.എസ്,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. പ്രിൻസിപ്പാൾ, മഹാരാജാസ് കോളേജ്, എറണാകുളം
2. ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. അഡീഷണൽ ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്.
4. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്
5. അക്കൌണ്ടന്റ് ജനറൽ, കോട്ടയം
6. അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് (ആമുഖ കത്ത് സഹിതം).
7. സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് (ആമുഖ കത്ത് സഹിതം).
8. കരുതൽ ഫയൽ / ഓഫീസ് ഫയൽ.

/അംഗീകാരത്തോടെ/



സൂപ്രണ്ട്

പി.ജി : 02.06.2015